നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിൽ ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്നത്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു.

അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക പദ്ധതികൾ

147 (2981) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷി ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷി ഓഫീസുകൾവഴി 2011-2016 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

വീട്ടിൽ ഒരു മാവ് പദ്ധതി

148 (2982) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര മാവിൻ തൈയ്യാണ് വിതരണം ചെയ്തത്; മാവിൻ തൈ വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; മാവിൻ തൈയ്ക്ക് കർഷകരിൽ നിന്നും തുക ഈടാക്കിയിരുന്നോ; ഈടാക്കിയിരുന്നെങ്കിൽ എത്ര രൂപ ഇത്തരത്തിൽ ഒരു മാവിൻ തൈയ്ക്ക് ഈടാക്കി എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly